'ഭരണഭാഷ-മാതൃഭാഷ'

आज़ादी का अमृत महोत्सव

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.2180/2025/ധന** **തീയതി, തിരുവനന്തപുരം, 07-03-2025**

പരാമർശം :- 1. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 06/02/2025 തീയതിയിലെ കെ.എസ്.ഐ.ഡി /1432/2024-എച്ച്ക്യൂ ഇ 3 നമ്പർ കത്ത്

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 16/01/2025 തീയതിയിലെ ജി.ഇ.24/സി/945, ജി.ഇ.24/സി/946, നമ്പർ കത്തുകൾ

## ഉത്തരവ്

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ തസ്തികയിൽ നിയമിതരായ ശ്രീ. മഹേഷ്. എ, ശ്രീ. ബാലകൃഷ്ണൻ. വി. വി എന്നീ ജീവനക്കാരുടെ ടി തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ടി ജീവനക്കാർക്കെതിരെ വിജിലൻസ് നടപടികളോ അച്ചടക്ക നടപടികളോ ശിപാർശ ചെയ്തിട്ടില്ലെന്നും പ്രൊബേഷൻ കാലയളവിലെ സേവനവും സ്വഭാവവും തൃപ്തികരമായിരുന്നുവെന്നും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രൊബേഷൻ പൂർത്തിയാക്കാനാവശ്യമായ യോഗ്യ സേവന കാലവും അവധി വിവരങ്ങളും പരാമർശം (2) പ്രകാരം അക്കൗണ്ടന്റ് ജനറൽ (എ&ഇ) ഒത്തു നോക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ തസ്തികയിൽ നിയമിതരായ ചുവടെ ചേർത്തിട്ടുള്ള ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ തസ്തികയിൽ ചാർജ്ജെടുത്ത തീയതി | അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന തീയതി |
|---|---|---|---|
| 1. | ശ്രീ മഹേഷ് എ, | 21/03/2024 FN | 30/10/2024 FN |
| 2. | ശ്രീ ബാലകൃഷ്ണൻ വി വി | 07/06/2024 FN | 07/12/2024 FN |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ മുഖേന
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (ഫയൽ നം. എസ്റ്റാ-ഡി4/23/2025-ധന(ഇ-3050520)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ